## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4187 — 17/05/2017-ൽ മറുപടിക്ക്

## തീരദേശ പരിപാലന നിയമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.വീണാ ജോർജ്ജ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | തീരദേശ പരിപാലന നിയമം അനുസരിച്ച്, നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (എ) | തീരദേശ പരിപാലന നിയമം അനുസരിച്ച് കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 500 മീറ്ററും വേലിയേറ്റത്താൽ സ്വാധീനിക്കപ്പെടുന്ന മറ്റു ജലാശയങ്ങളുടെ തീരത്തു നിന്നും 100 മീറ്ററും കായൽ ദ്വീപുകളിൽ 50 മീറ്ററും CRZ നിയന്ത്രണ മേഖലയാണ്. ഈ മേഖലയെ CRZ I, CRZ II, CRZ III, സ്പെഷ്യൽ മേഖല എന്നിങ്ങനെ തിരിച്ച് ഒരോ മേഖലയും വ്യത്യസ്ത മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിരിക്കുന്നത്. |
| (ബി) | മാനദണ്ഡങ്ങൾ പാലിച്ച് നിർമ്മാണ പ്രവൃത്തി ചെയ്യുമ്പോൾ ഭവനനിർമ്മാണം പോലുള്ള പ്രവൃത്തികൾക്ക് ഏതെങ്കിലും തരത്തിലുള്ള ഇളവുകൾ അനുവദിച്ചു നൽകാറുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സാഹചര്യങ്ങളിലാണ് ഇത് അനുവദിച്ച് വരുന്നത്; | (ബി) | CRZ II മേഖലയിൽ 19/02/1991-ന് മുമ്പ് നിലവിലുള്ള അംഗീകൃത റോഡിന്റെയോ കെട്ടിടങ്ങളുടെയോ കരഭാഗത്തേക്ക് പുതിയ നിർമ്മിതികൾ അനുവദിക്കുന്നു. CRZ III മേഖലയിൽ വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്ററിനും 500 മീറ്ററിനും ഇടയിൽ വാസഗൃഹങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകുന്നുണ്ട്. കൂടാതെ വേലിയേറ്റ രേഖയിൽ നിന്നും 100 മീറ്ററിനും 200 മീറ്ററിനും ഇടയിലുള്ള ഭാഗത്ത് തീരദേശ വാസികൾക്കും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും താമസിക്കുന്നതിനുള്ള വീടിന് വിസ്തൃതി നിയന്ത്രണത്തോടെ അനുമതി നൽകി വരുന്നു. |

| | | | |
|---|---|---|---|
| (സി) | മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ഭവനങ്ങൾ നിലവിലുള്ള സ്ഥലത്ത് പുതുക്കി പണിയുന്നതിനും മറ്റും തീരദേശ നിയമത്തിൽ ഇളവുകൾ നൽകി വരുന്നുണ്ടോ എന്നറിയിക്കാമോ? | (സി) | മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ഭവനങ്ങൾ നിലവിലുള്ള സ്ഥലത്ത് പുതുക്കി പണിയുന്നതിന് ചില വ്യവസ്ഥകളോടെ ഇളവുകൾ അനുവദിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ